# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1473** — **22-03-2013 ൽ മറുപടിയ്ക്ക്**

## കേന്ദ്ര പദ്ധതികളുടെ അവലോകനം

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) 2012-13 ൽ കൃഷി വകുപ്പിന് കീഴിൽ 100 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതും 50 ശതമാനം കേന്ദ്ര സഹായം ലഭിക്കുന്നതുമായ പദ്ധതികൾ ഏതൊക്കെയാണ് എന്നറിയിക്കാമോ; | (എ) യും (ബി) യും (സി) യും (ഡി) യും | 2012-13 സാമ്പത്തിക വർഷത്തിൽ 100 ശതമാനം കേന്ദ്രാവിഷ്കൃതവും 50 ശതമാനം കേന്ദ്രാവിഷ്കൃതവുമായ കാർഷിക പദ്ധതികളും അവയ്ക്ക് കേന്ദ്രം അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇവ നടപ്പാക്കുന്നതിന് എന്ത് തുകയാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത് എന്ന് ഓരോ പരിപാടിയുടെ ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | | |
| (സി) ഇതിൽ ഏതെല്ലാം പരിപാടികൾക്ക് എന്ത് തുക വീതം ചെലവഴിക്കാൻ കേന്ദ്ര കൃഷി മന്ത്രാലയത്തിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; | | |
| (ഡി) ലഭിച്ച തുകയിൽ ഓരോ ഇനത്തിലും എത്ര തുക ചെലവഴിച്ചുവെന്ന് അറിയിക്കാമോ; | | |
| (ഇ) ഇത്തരം പദ്ധതികളുടെ അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ഇ) | ഉണ്ട്. സംസ്ഥാനത്ത് കൃഷിവകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ സംസ്ഥാന തലത്തിൽ കൃഷിമന്ത്രിയുടേയും കൃഷി ഡയറക്ടറുടേയും ആഭിമുഖ്യത്തിലും ജില്ലതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ തലത്തിലും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ തലത്തിലും അവലോകനം നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കേന്ദ്രം അനുവദിച്ച തുക (ലക്ഷം) | കേന്ദ്രം ചെലവഴിക്കാൻ വേണ്ടി അനുമതി നൽകിയ തുക (ലക്ഷം) | ചെലഴിച്ച തുക (ലക്ഷം) |
|---|---|---|---|---|
| 1 | ടി X ഡി സങ്കരയിനം തെങ്ങിൻ തൈകളുടെ ഉല്പാദനവും വിതരണവും (50% കേന്ദ്രാവിഷ്കൃതം) | 11.875 | 47.5 | - |
| 2 | റീജനൽ കോക്കനട്ട് നഴ്സറി സ്ഥാപിക്കൽ (50% കേന്ദ്രാവിഷ്കൃതം) | 30 | 60 | 69.41 |
| 3 | ചെറുകിട തെങ്ങിൻ തോട്ടങ്ങളിൽ സമ്മിശ്ര കൃഷി നടപ്പാക്കുന്നതിനുള്ള നാളീകേര വികസന ബോർഡിന്റെ പദ്ധതികൾ (100% കേന്ദ്രാവിഷ്കൃതം) | 440 | 440 | 272.06 |
| 4 | കാർഷിക യന്ത്രവല്ക്കരണം ശക്തിപ്പെടുത്തൽ (100% കേന്ദ്രാവിഷ്കൃതം) | 71.62 | 71.62 | - |
| 5 | ബയോഗ്യാസ് വികസന പദ്ധതി (100% കേന്ദ്രാവിഷ്കൃതം) | 70 | 70 | 131.1 |
| 6 | ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതി (100% കേന്ദ്രാവിഷ്കൃതം) | 136.73 | 136.73 | 32.77 |

സെക്ഷൻ ഓഫീസർ